പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1610 — 06.03.2017-ൽ മറുപടിയ്ക്ക്

## ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട്

ചോദ്യം

ശ്രീ. വി.പി. സജീന്ദ്രൻ

ഉത്തരം

ശ്രീ.കെ.ടി.ജലീൽ
(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | 2014-15, 2015-16 എന്നീ വർഷങ്ങളിലെ ആലപ്പുഴ ജില്ലാ പഞ്ചായത്തിനെ സംബന്ധിക്കുന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന ക്രമക്കേടുകളെ കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; | എ) | 2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് യഥാവിധി പരിശോധിച്ചുവരുന്നു. 2015-16 വർഷത്തെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| ബി) | ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | ബി) | ആലപ്പുഴ ജില്ലാ പഞ്ചായത്തിനെ സംബന്ധിച്ച 2014-15 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് 23/06/16 തീയതിയിലെ ജില്ലാ പഞ്ചായത്ത് ജനറൽ കമ്മറ്റിയിൽ അവതരിപ്പിക്കുകയും 2ാം നമ്പർ തീരുമാനപ്രകാരം നിർവഹണ ഉദ്യോഗസ്ഥരിൽനിന്നും മറുപടി ശേഖരിച്ച് ക്രോഡീകരിച്ച് ജില്ലാ പഞ്ചായത്തിൽ അവതരിപ്പിക്കാൻ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിക്കുകയുമുണ്ടായി. ആയതുപ്രകാരം നിർവഹണ ഉദ്യോഗസ്ഥരുടെ മറുപടി ക്രോഡീകരിച്ച് 21/11/2016 തീയതിയിലെ ജില്ലാ പഞ്ചായത്ത് യോഗത്തിൽ അവതരിപ്പിച്ച് 1)ാം നമ്പർ തീരുമാന |

| | | | |
|---|---|---|---|
| | | | പ്രകാരം അംഗീകരിച്ച് 23/11/2016 തീയതി സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ആലപ്പുഴ ജില്ലാ ഓഫീസിൽ സമർപ്പിച്ചിട്ടുള്ളതാണ്. ആയതിന്റെ പുന:പരാമർശ റിപ്പോർട്ട് ലഭിച്ചിട്ടില്ല. പുന:പരാമർശ റിപ്പോർട്ട് ലഭിച്ചശേഷം അതുപ്രകാരം നിയമപരമായ നടപടികൾ സ്വീകരിക്കുന്നതാണ്. 2014-15 വർഷത്തെ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൽ ഖണ്ഡിക 6.6 പ്രകാരം ആലപ്പുഴ ജില്ലാ പഞ്ചായത്ത് പദ്ധതിത്തുക ഉപയോഗിച്ച് സ്കൂൾ കുട്ടികൾക്കായുള്ള സിനിമാ നിർമ്മാണം നടത്തിയ വകയിൽ ധനദുർവ്വിനിയോഗം നടന്നതായുള്ള പരാമർശം ഉണ്ടാകുകയും, പ്രസ്തുത പരാമർശത്തിൻമേൽ ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ നടപടി വിവരണ പത്രിക ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി മുൻപാകെ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ വിഷയം സമിതിയുടെ പരിഗണനയിലാണ്.<br><br>2015-16 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് 2017 ഫെബ്രുവരി 8 മുതൽ മാർച്ച് 3 വരെയുള്ള തീയതികളിൽ ഷെഡ്യൂൾ ചെയ്ത് നടന്നുകൊണ്ടിരിക്കുകയാണ്. ആയതിന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

(signature)

**സെക്ഷൻ ഓഫീസർ**